ओ३म्


ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

## DAYANANDA SANDESAM



പുസ്തകം: 12 | ലക്കം: 11

**രവീന്ദ്രനാഥ ടാഗോർ**
**(1861-1941)**

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം!"

### ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ

മെയ് 7 : രവീന്ദ്രനാഥ ടാഗോർ ജന്മദിനം
മെയ് 8 : മഹാറാണ പ്രതാപ് ജന്മദിനം
മെയ് 11,13 : പൊഖ്റാൻ അണുപരീക്ഷണ വാർഷികം (ഓപ്പറേഷൻ ശക്തി)
മെയ് 28 : വീർ സവർക്കർ ജയന്തി

വാർഷിക വരിസംഖ്യ:125/- ദീർഘകാലം: 1500/-

സൃഷ്ടി സംവത്സരം: 1972949127, കലിവർഷം 5127, വൈദിക സൗരമാസം: ശുക്ര-ശുചി
ചാന്ദ്രമാസം: വൈശാഖം-ജേഷ്ഠം, കൊല്ലവർഷം: 1200 ഇടവം-മിഥുനം 2025 മെയ്

# വേദാധ്യയനം

(മുൻലക്കത്തിന്റെ തുടർച്ച)

മണ്ഡലം 1 സൂക്തം 15

**യ**ജ്ഞം ചെയ്യുന്ന മനുഷ്യർക്ക് ഋതുക്കളിൽ ചെയ്യാൻ യോഗ്യമായിട്ടുള്ള കാര്യങ്ങളുടെ ഉപദേശങ്ങളാണ് അടുത്ത മന്ത്രത്തിൽ പറഞ്ഞിട്ടുള്ളത്.

കാണ്വോ മേധാതിഥിർ ഋഷി: । ദ്രവിണോദാ ദേവതാ ।
ഗായത്രീഛന്ദ: । ഷഡ്ജ: സ്വര: ॥

ദ്രവിണോദാ: പിപീഷതി ജുഹോത പ്ര ച തിഷ്ഠത ।
നേഷ്ട്രാദൃതുഭിരിഷ്യത ॥

(ഋഗ്വേദം 1.15.9)

**പദാർത്ഥം:-** അല്ലയോ മനുഷ്യാ! എപ്രകാരമാണോ (ദ്രവിണോദാ:) യജ്ഞാനുഷ്ഠാനം ചെയ്യുന്ന വിദ്വാനായ മനുഷ്യർ സോമം മുതലായ ഓഷധി രസങ്ങൾ (പിപീഷതി) കുടിക്കുവാനാഗ്രഹിക്കുന്നത്, അതുപോലെ നിങ്ങളും ആ യജ്ഞങ്ങളെ (നേഷ്ഠാത്) വിജ്ഞാനത്താൽ (ജൂഹോത) നൽകുന്ന വ്യവഹാരം ചെയ്താലും. അതേപോലെ ആ യജ്ഞങ്ങളെ വിധിക്കൊപ്പം സിദ്ധിച്ചാലും (ഋതുഭി:) ഋതുക്കളുടെ സംയോഗത്തിന്റെ സുഖത്തോടൊപ്പം (പ്രതിഷ്ഠത) പ്രതിഷ്ഠയ്ക്ക് പ്രാപ്തമായി അവയുടെ വിദ്യയെ സദാ (ഇഷ്യത) അറിഞ്ഞാലും.

**ഭാവാർത്ഥം:-** ഈ മന്ത്രത്തിൽ വാചകലുപ്തോപമാലങ്കാരമാണുള്ളത്. മനുഷ്യർക്ക് നല്ല കാര്യങ്ങളാണ് പഠിക്കേണ്ടത്, ദുഷ്ടകാര്യങ്ങളല്ല. കൂടാതെ എല്ലാ ഋതുക്കളിലും സർവ്വർക്കും സുഖം നൽകുന്നതിനായി യഥായോഗ്യ കർമ്മങ്ങൾ ചെയ്യണം. അതോടൊപ്പം ഏതൊരു ഋതുവിൽ അതാത് ദേശത്തിന്റെ സ്ഥിതി കണ്ടറിഞ്ഞ് ആ ദേശത്തിനനുയോജ്യമായ ഭക്ഷണ-പാനീയ-വസ്ത്ര വ്യവസ്ഥകൾ ചെയ്ത് എല്ലാ പ്രവൃത്തികളിലും സുഖത്തെനിരന്തരം സേവനം ചെയ്യണം.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്.**
**തർജ്ജമ : കെ.എം. രാജൻ മീമാംസക്)**

(തുടരും)

അഭീമം മഹിമാ ദിവം വിപ്രോ ബഭൂവ സപ്രഥാ: (യജുർവേദം 38.17)
ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 12 ലക്കം 11

സൃഷ്ടി സംവത്സരം: 1972949127, കലിവർഷം 5127, വൈദിക സൗരമാസം: മാധവം-ശുക്ര ചാന്ദ്രമാസം: വൈശാഖം-ആഷാഢം, കൊല്ലവർഷം: 1200 മേടം-എടവം 2025 മെയ്



**രക്ഷാധികാരികൾ:** സ്വാമി ആശുതോഷ്ജി പരിവ്രാജക്
ആദിത്യ മുനി, വി. ഗോവിന്ദ ദാസ്
**മുഖ്യപത്രാധിപർ:** കെ.എം. രാജൻ മീമാംസക്
**മാനേജിംഗ് എഡിറ്റർ:** പി.പി. ഉണ്ണികൃഷ്ണൻ
**പത്രാധിപ സമിതി:** ശ്രീകുമാർ.എൻ, കെ.കെ ജയൻ ആര്യ, സന്തോഷ് വി.കെ, പി.പി. സരളാദേവി, സി. ഹരികൃഷ്ണൻ ആര്യ
**വ്യവസ്ഥാപകൻ:** വി. കൃഷ്ണൻകുട്ടി, ജിജിത് ആര്യ


## താളുകൾ മറിക്കുമ്പോൾ


വേദാധ്യയനം .......... 2
മുഖവാണി .......... 3
ഋഗ്വേദാദിഭാഷ്യഭൂമിക .......... 5
മനുസ്മൃതി .......... 6
സന്ധ്യോപാസന എന്തുകൊണ്ട്?എങ്ങനെ? .......... 8
ഭാരതചരിത്രത്തിലെ ഏതാനും പരമാബദ്ധങ്ങൾ .. 9
ജീവിതം ഒരലയാഴി .......... 11
ന്യായ ദർശനം വാത്സ്യായന ഭാഷ്യം .......... 12
ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം .......... 14
സപ്ത ഋഷികളുടെ നിസർഗോപചാരം അഥവാ പ്രകൃതിചികിത്സ വേദങ്ങളിൽ .......... 15
ഗുണപാഠ കഥകൾ .......... 17
യജുർവേദം ഒരു സരള പരിചയം .......... 18
ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ .......... 19



**വിലാസം**

ദയാനന്ദ സന്ദേശം, ആര്യസമാജം
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ
വെള്ളിനേഴി തപാൽ, പാലക്കാട് - 679 504
Phone : 9446575923, 9497525923
Email :dayanandasandesam@gmail.com
Visit Us : www.aryasmajkerala.org.in
www.vedagurukulam.org


## മുഖവാണി

## ആര്യസമാജം കേരളത്തിൽ

*(തുടർച്ച)*

### ലക്ഷദ്വീപ് മിനിക്കോയ് പ്രശ്നം

മലബാർ തീരത്ത് അറബിക്കടലിൽ രാഷ്ട്രീയമായും ഭരണപരമായും മലബാറിന്റെ ഭാഗമായ ലക്ഷദ്വീപുകൾ എന്നറിയപ്പെടുന്ന ആറ് ദ്വീപുകളുടെ ഒരു കൂട്ടമുണ്ട്. അടുത്തകാലത്ത് മദ്രാസ് ഗവൺമെന്റ് ഈ ദ്വീപുകളുടെ ഒരു സെൻസസ് എടുത്തു. ഇവിടുത്തെ പ്രായപൂർത്തിയായവരുടെ ജനസംഖ്യ 6475 ആണ്. അവരെല്ലാം മാപ്പിളമാരാണ്.

മത്സ്യബന്ധന സീസണിൽ പതിവായി സന്ദർശിക്കുന്ന മത്സ്യത്തൊഴിലാളികളുടെ സഹായത്തോടെ ഈ ദ്വീപുകളെ സൂക്ഷ്മമായി പഠിച്ചു. ഇന്ത്യയുടെ പ്രതിരോധത്തിനുള്ള അവരുടെ തന്ത്രപരമായ പ്രാധാന്യം മദ്രാസ് ഗവൺമെന്റ് അവരുടെ നിയമസഭയിൽ നടത്തിയ ഒരു ഔദ്യോഗിക പ്രസ്താവനയിൽ വ്യക്തമായി അംഗീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി മലബാർ സ്പെഷൽ സായുധസേനയെ അങ്ങോട്ടേക്കയച്ചു. ഈ ദ്വീപുകളെ തങ്ങളുടെ ആശയപ്രചാരണത്തിന്റെ ഒരു മേഖലയാക്കാൻ മാപ്പിളമാരും കമ്മ്യൂണിസ്റ്റുകളും ശ്രമിച്ചതായി വിശ്വസിക്കപ്പെടുന്നു.

അഗ്നിനാഗ്നിഃ സമിദ്ധ്യതേ (സാമം 944)
ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.

അടുത്ത കാലം വരെ ലക്ഷദ്വീപ് വാസികളെ മാപ്പിളമാർ എന്നല്ല വിളിച്ചിരുന്നത്. (1) കോയ (2) മാലുമി (3) ഊരുക്കാരൻ (4) തക്രു (5) മിലിഖാൻ (6) മേലാച്ചേരി എന്നിങ്ങനെയായിരുന്നു അറിയപ്പെട്ടിരുന്നത്. ലക്ഷദ്വീപ് മൂലനിവാസികളായ മാപ്പിളമാർ യഥാർത്ഥത്തിൽ മലബാറുകാരായിരുന്നു എന്നാണ് വിശ്വസിക്കപ്പെടുന്നത്. നമ്പൂതിരി, നായർ, തിയ്യ മുതലായവർ ചേരമാൻ പെരുമാൾ അറേബ്യക്ക് പോയപ്പോൾ അദ്ദേഹത്തെ അന്വേഷിച്ച് പോയി ഈ ദ്വീപുകളിൽ അകപ്പെട്ടുപോയി. ഖലീഫ അബൂബക്കറിന്റെ ശിഷ്യൻ ഒബൈദുള്ള പിന്നീട് അവരെ ഇസ്ലാം മതത്തിലേക്ക് പരിവർത്തനം ചെയ്തു എന്നതാണ് നിലവിലെ പാരമ്പര്യ വിശ്വാസം. അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ ആൻഡ്രോത്ത് ദ്വീപിൽ സംസ്കരിച്ചിട്ടുണ്ടെന്ന് കരുതപ്പെടുന്നു. വടക്കേ മലബാറിലേയും തിരുവിതാംകൂറിലേയും വലിയൊരു വിഭാഗം മുസ്ലിംകൾക്കിടയിൽ ഇന്നും നിലനിൽക്കുന്ന മലബാർ ഹിന്ദു പിന്തുടർച്ചാവകാശ നിയമം ഈ മാപ്പിളമാർ പിന്തുടരുന്നു. ഇത് ഖുറാൻ അനുസരിച്ച് യഥാർത്ഥത്തിൽ അനിസ്ലാമികമാണ്. നമ്പൂതിരിമാരുടെയും തീയ്യൻമാരുടെ മേലാച്ചേരിമാരുടെയും മത്സ്യത്തൊഴിലാളികളുടെയും ബാക്കി നായർമാരുടെയും പിൻഗാമികളാണ് കോയകൾ എന്ന് പറയപ്പെടുന്നത്. കോയകൾ ഇപ്പോഴും പൗരോഹിത്യ വർഗമാണ്. പ്രധാന ഭൂപ്രദേശത്തെ മാപ്പിള പുരുഷന്മാരേക്കാൾ അവരുടെ സ്ത്രീകൾ പൊതുവെ വിദ്യാഭ്യാസമുള്ളവരാണ്.

മാലിദ്വീപും ലക്ഷദ്വീപും സിലോണുമൊക്കെ ആര്യൻ കുടിയേറ്റക്കാർ വളരെ പണ്ടുമുതൽ എത്തപ്പെട്ട സ്ഥലമാണ് എന്ന് മി. കോട്ടൺ വിശ്വസിക്കുന്നു. താർവാഡ് ദ്വീപുകൾ (Tarward Islands), അമേനി (Ameni), കൽപ്പേനി (Kalpeni) അന്ത്രോത്ത് (Androth), കവരത്തി (Kavarathi) എന്നിവിടങ്ങളിലും അവർ എത്തിച്ചേർന്നു. അവിടത്തെ താമസക്കാർക്ക് തങ്ങൾ ഉന്നതകുല ഹിന്ദു വംശജരാണെന്ന് അവകാശപ്പെടാം (Malabar Quarterly Vol 3, 1906). ഇക്കാലത്തും ഈ വംശീയ വികാരം ലക്ഷദ്വീപിലെ മാപ്പിളമാരിൽ കാണാം.

നാലുമാസത്തെ സൂഷ്മമായ അന്വേഷണവും സാമൂഹ്യ-സാംസ്കാരിക-മന:ശാസ്ത്ര-ജീവശാസ്ത്ര-മതപരമായ വിശകലനവും ലക്ഷദ്വീപിലെ മാപ്പിളമാരിൽ നാം നടത്തി അവരെ ആത്യന്തികമായി ശുദ്ധിക്രിയ നടത്താനുള്ള ഒരു ആസൂത്രണം ഞങ്ങൾ നടത്തി.

(തുടരും)

- പത്രാധിപർ


# ദയാനന്ദ സന്ദേശം മാസിക

**സത്യ - സനാതന - വൈദിക ധർമ്മ സന്ദേശം**
**ആര്യധർമ്മത്തിന്റെ പാഞ്ചജന്യം**

വായിക്കുക........................ പ്രചരിപ്പിക്കുക............... വരിക്കാരാവുക

വാർഷിക വരിസംഖ്യ 125/- രൂപ ദീർഘകാലം 1500/-

വരിസംഖ്യ അയക്കേണ്ട വിധം

**Account Name : Dayananda Sandesam**
**Account No : 426400100072426, Punjab National Bank Cherpalcheri**


ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16.41)

**മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.**



(മുൻലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി

തർജ്ജമ: കെ. എം. രാജൻ മീമാംസക്

## 4. വേദവിഷയവിചാരം:

യസ്മിന് ഭൂമിരന്തരീക്ഷം ദ്യൗര്യസ്മിന്നധ്യാഹിതാ ।
യത്രാഗ്നിശ്ചന്ദ്രമാഃ സൂര്യോവാതസ്തിഷ്ഠന്ത്യാർ
പിതാഃ സ്കംഭം തം ബ്രൂഹി കതമഃ സ്വിദേവ സഃ ॥ 16 ॥
(അഥർവ്വം കാ-10 അനു 4, മ. 8.12), (അഥർവ്വം 10-7-8-12)

ഇത്യാദയോऽഥർവ്വവേദേऽപി ബഹവോ മന്ത്രാഃ സന്തി ।
ഏതേഷാം മന്ത്രാണം മധ്യാത് കേഷാംചിദർത്ഥഃ പൂർവ്വ പ്രകാശിതഃ കേഷാംചി ദഗ്രേ (സൃഷ്ടിവിദ്യാവിഷയാദിഷു വേദഭാഷ്യേ ചേതി ഭാവഃ ।)

അണോരണീയാൻമഹതോ മഹീയാന് ആത്മാസ്യ
ജന്തോർനിഹിതോ ഗുഹായാമ് ।
തമക്രതുഃ പശ്യതി വീതശോകോ ധാതുഃ
പ്രമാദാന് മഹിമാനമാത്മനഃ ॥ 1 ॥
(കഠോപനിഷത്ത് 2.20)

അശബ്ദമസ്പർശമരൂപമവ്യയം തഥാऽരസം നിത്യമഗന്ധവച്ചയത് ।
അനാദ്യനന്തം മഹതഃ പരം ധ്രുവം
വിചാര്യതം മൃത്യുമുഖാത് പ്രമുച്യതേ ॥ 2 ॥
(കഠോപനിഷത്ത് 3.15. അത്ര വൈ. യ. മുദ്രിതേ 'തം മൃത്യും..' ഇതി പ്രമാദികഃ പാഠഃ ।)

യദേവേഹ തദമുത്ര യദമുത്ര തദന്വിഹ ।
മൃത്യോഃ സ മൃത്യുമാപ്നോതി യ ഇഹ നാനേവ പശ്യതി ॥ 3 ॥
(കഠോപനിഷത്ത് 4.10)

ഏകോ വശീ സർവ്വഭൂതാന്തരാത്മാ ഏകം രൂപം ബഹുധാ യ ഃ കരോതി ।
തമാത്മസ്ഥം യേऽനുപശ്യന്തി ധീരാസ്തേഷാം സുഖം ശാശ്വതം നേതരേഷാമ് ॥ 4 ॥
(കഠോപനിഷത്ത് 5.12)

നിത്യോ നിത്യാനാം ചേതനശ്ചേതനാനാമേകോ ബഹൂനാം യോ വിദധാതി കാമാന് ।
തമാത്മസ്ഥം യേऽനുപശ്യന്തി ധീരാസ്തേഷാം ശാന്തി: ശാശ്വതീ നേതരേഷാമ് ॥ 5 ॥
(കഠോപനിഷത്ത് 5:13)

ദിവ്യോഹ്യമൂർത്തഃ പുരുഷഃ സ ബാഹ്യാഭ്യന്തരോ ഹ്യജഃ ।
അപ്രാണോഹ്യമനാഃ ശുഭ്ര ഹ്യക്ഷാരാത് പരതഃ പരഃ ॥ 6 ॥
(മുണ്ഡകോപനിഷത്ത് 2.1.2)

(തുടരും)

വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)
വിപ്രൻ സത്യവ്രതനും അമരനുമാകുന്നു



*(മുൻലക്കത്തിന്റെ തുടർച്ച)*

# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ: കെ. എം. രാജൻ മീമാംസക്

**അധ്യായം: 1** — **മനുസ്മൃതിയുടെ മഹത്വം, രചയിതാവ്, കാലവും ആദ്യരൂപവും (തുടർച്ച)**

## മനുസ്മൃതിയും അതിന്റെ ഭാഷയും (തുടർച്ച.....)

6. മനുവിന്റെ ഗദ്യരൂപത്തിലുള്ള പ്രവചനങ്ങൾ എപ്പോഴാണ് പദ്യരൂപത്തിലാക്കപ്പെടുന്നതെന്ന് കൃത്യമായി പറയാൻ സാധിക്കില്ല. എന്നാൽ ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ മനുസ്മൃതിയുടെ ഈ പദ്യരൂപം അതി പ്രാചീനമാണെന്ന് കാണാം. മനുവിന്റെ ശിഷ്യനായിരുന്ന ഭൃഗുവായിരിക്കാം ഇത് പദ്യരൂപമാക്കിയതെന്ന് കരുതാവുന്നതാണ്. സമാഹരണം ചെയ്ത ശേഷം സ്മൃതി സൗകര്യത്തിനുവേണ്ടിയാകാം മനുവിന്റെ ആദ്യശിഷ്യന്മാർ ഇത് പദ്യരൂപത്തിലാക്കിയതെന്നും പറയാം. മനുവിന്റെ നാമം ഏറെ പ്രശസ്തമാവുന്നതിനുമുമ്പ് തന്നെ ഈ പദ്യരൂപം പ്രസിദ്ധമായിരുന്നു. എന്തുകൊണ്ടെന്നാൽ രാമായണം ("ശ്രൂയതേ മനുനാ ഗീതൗ ശ്ലോകൗ ചരിത്രവാത്സലൗ" വാല്മീകി രാമായണം 18.30), മഹാഭാരതം (മനുനാ ചൈവരാജേന്ദ്ര ഗീതൗ ശ്ലോകൗ മഹാത്മനാ' മഹാഭാരതം ശാന്തിപർവ്വം 56-24) എന്നീ ഇതിഹാസങ്ങളിൽ മനുവിന്റെ ശ്ലോകങ്ങൾ ആലാപനം ചെയ്തിരുന്നതായി കാണുന്നുണ്ട്. രാമായണം, മഹാഭാരതം എന്നിവയുടെ രചനാകാലത്തും ഈ ശ്ലോകങ്ങൾ മനുവിന്റെ പേരിൽ പ്രശസ്തമായി തീർന്നിരുന്നുവെന്നാണ് ഇതിനർത്ഥം.

7. മനു ഒരു ധർമ്മശാസ്ത്രഗ്രന്ഥം രചിച്ചിരുന്നുവെന്ന് നാരദസ്മൃതിയുടെ ഭൂമികയിൽ പറഞ്ഞിട്ടുണ്ട്. ഒരു ലക്ഷം ശ്ലോകങ്ങൾ അതിലുണ്ടായിരുന്നു. 1080 അധ്യായങ്ങളും 24 പ്രകരണങ്ങളുമുണ്ടായിരുന്നു. നാരദൻ ഇതിനെ 12000 ശ്ലോകങ്ങളിൽ സംക്ഷേപിച്ച് മാർക്കാണ്ഡേയനെ പഠിപ്പിച്ചു.

മാർക്കാണ്ഡേയൻ ഇതിനെ സംക്ഷേപിച്ചു 8000 ശ്ലോകങ്ങളിലാക്കി. പിന്നീട് സുമതി ഭാർഗവൻ ഇതിനെ 4000 ശ്ലോകങ്ങളാക്കി വീണ്ടും ചുരുക്കി. നാരദസ്മൃതിയിലെ ഈ അവതരണം ഗ്രന്ഥത്തിന്റെ മഹത്വ വർണ്ണനക്ക് വേണ്ടിയാവാം. ഇപ്രകാരം സംക്ഷേപിക്കുന്നത് മൗലികതക്ക് അനുരൂപമല്ല എന്ന് മാത്രമല്ല അത്തരത്തിൽ പ്രാമാണിക ശാസ്ത്രീയ പരമ്പര ഒന്നുമില്ല.

ഈശാവാസ്യമിദം സർവ്വം (യജു. 40.1)
ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.

## അധ്യായം2
## മനുസ്മൃതിയും പ്രക്ഷേപവും

1. മനുസ്മൃതിയിലെ പ്രക്ഷേപങ്ങളുടെ ഗവേഷണത്തിന്റെ ആവശ്യകതയും പ്രയോജനവും.

മനുസ്മൃതിയുടെ സ്വരൂപം പ്രക്ഷിപ്തങ്ങളാൽ വികൃതമാക്കപ്പെട്ട് കാണുന്നതിനാൽ ഈ പ്രക്ഷിപ്തങ്ങളെ കുറിച്ച് ഗവേഷണ പഠനം നടത്തേണ്ടത് അത്യാവശ്യമായി തീർന്നിരിക്കുന്നു. പ്രക്ഷിപ്തങ്ങളുടെ ഗവേഷണവും അവയെ വേർതിരിക്കലും മനുസ്മൃതിയുടെ യഥാർത്ഥ രൂപം വ്യക്തമാക്കാൻ സഹായിക്കും. ഇത് അനേകം പ്രകാരത്തിൽ ഉപയോഗപ്രദമായിത്തീരും. മനുവിനെക്കുറിച്ചും മനുസ്മൃതിയെക്കുറിച്ചും പ്രചരിക്കുന്ന തെറ്റായ പ്രചാരണങ്ങൾ പ്രതിരോധിക്കാൻ ഇത് സഹായിക്കും. ഈ പ്രവർത്തനത്താൽ സാഹിത്യദൃഷ്ടിയിൽ ഭാരതീയ സാഹിത്യത്തിൽ ഒരു പ്രമുഖ ഗ്രന്ഥം പ്രാമാണികരൂപത്തിൽ ഉണ്ടാവുകയും ചെയ്യും. ആദ്ധ്യാത്മിക ദൃഷ്ടിയിൽ ഉന്നതി ആഗ്രഹിക്കുന്നവർക്കും തെറ്റിദ്ധാരണകളില്ലാത്ത ധർമ്മ മാർഗം ലഭിക്കുകയും ചെയ്യും. സാംസ്കാരിക ദൃഷ്ടിയിൽ മനുവിന്റെ കാലത്തെ ഭാരതീയ സംസ്കാരവും മാനവജീവിത ധർമ്മമര്യാദകളുടെ നേരിട്ടുള്ള കാഴ്ചയും യഥാരൂപത്തിൽ പ്രകടമാവും. വർത്തമാന സമാജത്തിന്റെ ധർമ്മമര്യാദകളും വ്യവസ്ഥകളും ദിഗ്ദർശനം പോലെ സ്പഷ്ടമാവും. ഐതിഹാസിക ദൃഷ്ടിയിലാവും ഏറ്റവുമധികം നേട്ടം. പ്രക്ഷിപ്തങ്ങളാൽ ദുഷിതമായ മനുസ്മൃതിയെ അടിസ്ഥാനമാക്കിയാണ് ചരിത്രകാരന്മാർ പ്രാചീനകാലത്തെ ചരിത്രം രചിച്ചിട്ടുള്ളത്. മാംസംഭക്ഷണം, പശുയജ്ഞം, ജാതിവിവേചനം, അയിത്തം, തൊട്ടുകൂടായ്മ, ഉച്ചനീച്ചത്വം തുടങ്ങിയ മോശം പ്രവൃത്തികൾ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ആ ഇതിഹാസത്തിലെ പവിത്രവും ഉജ്ജ്വലമാർന്നതും വാസ്തവികവുമായ സ്വരൂപം നമ്മുടെ മുന്നിൽ വരും. ഇത്തരത്തിൽ മനുസ്മൃതിയിലെ വിഷയങ്ങൾ ഗവേഷണം ചെയ്യുന്നതിലൂടെ ആധ്യാത്മികമായി വ്യക്തികൾക്കും ഭാരതീയ സമാജത്തിനും സംസ്കാരത്തിനും സാഹിത്യത്തിനും ചരിത്രത്തിനും വലിയ സംഭാവനയാകും. ഭാരതത്തിന്റെ പ്രാചീന സാഹിത്യങ്ങൾ ഒരമൂല്യനിധിയാണ്. അതിന്റെ ഒരു അതിവിശിഷ്ട ഗ്രന്ഥത്തിന് ഉചിതമായ മൂല്യാങ്കനമുണ്ടാവും. മാത്രമല്ല, മനുസ്മൃതിയുമായി ബന്ധപ്പെട്ട ആന്തരിക പ്രശ്നങ്ങളായ രചയിതാവ്, രചനാകാലം, മൗലിക മാന്യതകൾ എന്നിവയെ സംബന്ധിച്ച ചോദ്യങ്ങൾക്കും ന്യൂനാധിക രൂപത്തിൽ സഹകരണം തീർച്ചയായും ലഭിക്കുകയും ചെയ്യും.

(തുടരും)

സർവ്വ തദ് ഹനി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)
ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.

(മുൻലക്കത്തിന്റെ തുടർച്ച)



# സന്ധ്യോപാസന എന്തുകൊണ്ട്? എങ്ങനെ?

പണ്ഡിറ്റ് ഗംഗാപ്രസാദ് ഉപാധ്യായ
തർജ്ജമ : കെ. എം. രാജൻ മീമാംസക്


## അധ്യായം 7
## മഹാ വ്യാഹൃതികൾ

തങ്ങളുടെ ശരീരത്തിൽ ഈശ്വരദർശനം ചെയ്യാനാവുന്നവർക്ക് തീർത്ഥ സ്ഥലങ്ങളുടെ അന്ധവിശ്വാസങ്ങളിൽ നിന്ന് മുക്തരാവുകയും ചെയ്യാം. അവർക്ക് വിഗ്രഹാരാധനയുടെ കൂടി ആവശ്യമുണ്ടാവില്ല. പ്രതിമകൾ വിദൂരവസ്തുവാണ്. നമ്മുടെ കണ്ണുകൾക്കും കാതുകൾക്കും ഈശ്വരസത്തയുടെ ശക്തിയാൽ ലഭിക്കുന്ന അനുഭൂതി വിഗ്രഹങ്ങൾക്ക് നൽകാനാവില്ല.

മനസ്സ് ചഞ്ചലമാണെന്നത് സത്യമാണ്. അത് വളരെ വേഗത്തിൽ ഒരു വസ്തുവിൽ നിന്ന് മറ്റൊരു വസ്തുവിലേക്ക് നീങ്ങുന്നു. എന്നാൽ നിങ്ങളുടെ ശരീരം വിവിധ ഭാഗങ്ങളുടെ സംഗ്രഹമാണ്. നിങ്ങളുടെ മനസ്സിനെ ഒരു അവയവത്തിൽ നിന്ന് മറ്റൊന്നിലേക്ക് വേഗത്തിൽ നീക്കാൻ നിങ്ങൾക്ക് കഴിയും. മനസ്സിന് ഓടി നടക്കാൻ പര്യാപ്തമായ അവകാശമുണ്ട്. നിങ്ങൾ ചിന്തിക്കുന്ന സ്വഭാവം ചെയ്താലും. കണ്ണിന്റെ വിഷയത്തെ കുറിച്ച് ചിന്തിച്ചാലും. കൺപോളകളെ കുറിച്ച് ചിന്തിക്കുക. കൃഷ്ണമണിയെ കുറിച്ച് ചിന്തിക്കുക. കണ്ണിന്റെ ആന്തരികശക്തിയെക്കുറിച്ച് ചിന്തിക്കുക. നിങ്ങളുടെ ശരീരത്തിന്റെ ഓരോ ഭാഗവും നിങ്ങളെ ഈശ്വരനിലേക്ക് നയിക്കാൻ പര്യാപ്തമാണ്. എന്തെന്നാൽ അവ ഈശ്വരസൃഷ്ടിയാണ്. വലിയ വലിയ മന്ദിരങ്ങൾ നിങ്ങളുടെ മനസ്സിനെ മികച്ച എഞ്ചിനീയർമാരിലേക്ക് കൊണ്ടുപോകും. എന്നാൽ നിങ്ങളുടെ ചെറുവിരലോ നിങ്ങൾ ശ്വസിക്കുന്ന നാസാരന്ധ്രമോ വലിയ എഞ്ചിനെക്കാൾ പ്രബോധനപരമല്ലേ? എന്തിന് ധ്യാനിക്കണം? എങ്ങിനെ ധ്യാനിക്കണം? എന്നതിനേകുറിച്ച് നിങ്ങൾ ആശങ്കാകുലരാണ്. നിങ്ങൾ സാങ്കല്പിക പ്രകാശം കാണാൻ ആഗ്രഹിക്കുന്നു. സങ്കൽപ്പിക ശബ്ദം കേൾക്കാനാഗ്രഹിക്കുന്നു. പക്ഷേ പ്രകാശത്തിനും ശബ്ദത്തിനും ഒരു പടി കൂടി മുന്നോട്ട് പോയി പ്രകാശം എന്ന വാക്കിന്റെ യഥാർത്ഥ ഉറവിടമായ ഈശ്വരനെക്കുറിച്ച് ചിന്തിക്കാൻ ആഗ്രഹിക്കുന്നില്ല. മനസ്സിനെ ഏകാഗ്രമാക്കാനുള്ള ഏറ്റവും വലിയ ഉപാധി ചിന്തയാണ്. ഈശ്വരന്റെ ഗുണങ്ങൾ എണ്ണമറ്റതാണെന്ന് സ്വാമി ദയാനന്ദൻ ഒരിടത്ത് എഴുതിയിട്ടുണ്ട് ഈശ്വരന്റെ ഗുണങ്ങൾ എണ്ണാൻ പറ്റാത്തതാണ് എന്ന്. അവയെക്കുറിച്ച് ചിന്തിച്ചാൽ മനസ്സ് തളരും. മനസ്സിന് ചിന്ത ആവശ്യമാണ്. ചിന്തിക്കുന്നത് ശീലമാക്കുക. നിങ്ങളുടെ ശരീരത്തിൽ നിന്ന് ചിന്തിക്കാൻ തുടങ്ങുക, കാരണം നിങ്ങളുടെ ശരീരമാണ് നിങ്ങളോട് ഏറ്റവും അടുത്തത്. നിങ്ങളുടെ ശരീരത്തിലെ എല്ലാ ഭാഗങ്ങളും നിങ്ങളെ നയിക്കാൻ തയ്യാറാണ്.

(തുടരും)

മാ സ്രോധത (ഋഗ്വേദം 6.32.9)
ഹിംസ ചെയ്യാതിരിക്കൂ.



(മുൻലക്കത്തിന്റെ തുടർച്ച)

# ഭാരത ചരിത്ര ഗവേഷണത്തിലെ എതാനും പരമാബദ്ധങ്ങൾ

പ്രൊ.പി.എൻ.ഓക്
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## കുത്തബ്മിനാർ എന്നറിയപ്പെടുന്ന കെട്ടിടം (തുടർച്ച...)

ഹുമയൂണിനെ അടക്കം ചെയ്തിട്ടില്ലാത്ത ഈ ക്ഷേത്രത്തിനെ ഹുമയൂൺ ടോംമ്പ് എന്ന് പറയുന്നത് പരമാബദ്ധമാണ്. അബുൽ ഫാസിലിന്റെ അഭിപ്രായപ്രകാരം സിർ ഹിന്ദി (Sirhind) ലാണ് ഹുമയൂണിനെ സംസ്കരിച്ചിരിക്കുന്നത്. എന്നാൽ ഫരിസ്ത (Faristha) യനുസരിച്ച് ആഗ്രയിലാണ് ഹുമയൂണിന്റെ സമാധി സ്ഥലം.

അതിനുംപുറമേ ഈ കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ശവക്കല്ലറകൾ ഒന്നും തന്നെയില്ല. ഒന്നാം നിലയ്ക്ക് മുകളിലായി ഒരു സാധാരണ മാർബിൾ ഫലകമുണ്ട്. പക്ഷെ അതിൽ ഹുമയൂണിന്റെ പേർ കൊത്തിവെച്ചിട്ടില്ല. ഇതിനുവിരുദ്ധമായി G. Len Bon എന്ന ഫ്രഞ്ച്കാരൻ 'The World of Ancient India' എന്ന തന്റെ ഗ്രന്ഥത്തിൽ ഈ കെട്ടിടത്തിലെ ഒരു മാർബിൾ കാൽപ്പാടിന്റെ ഫോട്ടോ കൊടുത്തിട്ടുണ്ട്. വിഷ്ണുപാദം എന്നാണ് അദ്ദേഹമിതിനെ വിവരിക്കുന്നത്. ഹുമയൂൺ ടോംമ്പ് വാസ്തവത്തിൽ ലക്ഷ്മീ ക്ഷേത്രമായിരുന്നുവെന്ന വാദത്തെ ഇത് സാധൂകരിക്കുന്നു. മഹാവിഷ്ണുവിന്റെ പത്നിയാണല്ലോ ലക്ഷമീദേവി.

എന്നാൽ കണ്ണിങ് ഹാമ് ഒരു വ്യാജ പുരാവസ്തു രേഖയുണ്ടാക്കി ഈ കെട്ടിടത്തിന്റെ ഉടമസ്ഥ ഹുമയൂണിന്റെ അന്തപുരത്തിലുണ്ടായിരുന്ന എങ്ങും വിവരിച്ചിട്ടില്ലാത്ത 'ബേഗ ബീഗം' എന്ന സന്താനങ്ങളൊന്നും ഇല്ലാതിരുന്ന ഒരു വിധവയാണെന്നാണ്! സ്വന്തം ജീവിത കാലത്ത് തല ചായ്ക്കാൻ ഒരു കൂര പോലും ഇല്ലാതിരുന്ന ഒരു ബേഗം ബീഗത്തിനാണ് ഇത്രയും ഗംഭീരമായ ഒരു കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞത്. അതും പാവനമായ ഹൈന്ദവ തന്ത്രിക ശക്തിചക്രങ്ങൾ ആലേഖനം ചെയ്തുകൊണ്ട്.

എന്താണ് ഈ കെട്ടിടത്തിന് നൂറുകണക്കിന് മുറികൾ ഉള്ളത്? രാജാവിന് വേണ്ടി നിർമ്മിക്കപ്പെട്ട ഈ കെട്ടിടം സാധാരണക്കാർക്ക് ശവസംസ്കാരത്തിനുപയോഗിക്കുന്നതെന്തുകൊണ്ട്? എന്തുകൊണ്ടാണ് ഇതിന് മൂന്ന് പ്രതിരോധമതിലുകളുള്ളത്?

യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)
ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ.

ഈ കൊട്ടാരത്തിന് വൻ അടിത്തറയും ആനയെ പോലും ഉൾകൊള്ളാൻ കഴിയുന്ന തട്ടെകരവും ഉണ്ട്. നട്ടെല്ലില്ലാത്ത നമ്മുടെ പുരാവസ്തു വകുപ്പ് ഒരിക്കലും ഇത്തരത്തിലുള്ള ഇരുളിൽ കിടക്കുന്ന നൂറുകണക്കിന് ചരിത്രകെട്ടിടങ്ങളെക്കുറിച്ച് വിശദമായി അന്വേഷിച്ചിട്ടില്ല.

*കിലോക്രി*

നിസാമുദ്ദീൻ മന്ദിരവും ഹുമയൂൺ ടോംമ്പും ഉൾപ്പെടുന്ന സ്ഥലത്തിന് 'കിലോക്രി' എന്നാണ് പറയുന്നത്. ഇരുമ്പുസ്തംഭത്തിനും ആണിക്കുമൊക്കെ 'കീൽ' എന്നാണ് ഹിന്ദിയിൽ അർത്ഥം. മുസ്ലീം ആക്രമണകാലത്ത് കടപ്പുഴക്കി ഏറിയപ്പെട്ട, ഭാരതീയ പാരമ്പര്യമനുസരിച്ച് നഗരമധ്യത്തിൽ സ്ഥാപിച്ചിരുന്ന ഇരുമ്പുസ്തംഭത്തിന്റെ ഓർമ്മക്കാണ് ഈ സ്ഥലത്തെ 'കിലോക്രി' എന്ന് വിളിക്കുന്നത്.

ഹുമയൂണിന്റെ മരണസമയത്ത് ആക്ബറിന് 14 വയസ്സായിരുന്നു പ്രായം. ശക്തമായ ഒരു ശത്രുനിരതന്നെ ആക്ബറിന് നേരിടേണ്ടി വന്നു. സ്വന്തം ബന്ധുക്കളും രക്ഷിതാവായ ബെഹറാംഖാനും ബന്ധശത്രുവായ ഹെമുവുമൊക്കെ അക്ബറിനെതിരായി ഗൂഢാലോചന നടത്തിയിരുന്നു. 'അക്ബർ ദി ഗ്രേറ്റ് മുഗൾ' എന്ന ഗ്രന്ഥത്തിൽ ശ്രീ വിൻസെന്റ് സ്മിത്ത് അക്ബറിന് ഒന്നിനു പിറകെ ഒന്നായി കലഹങ്ങളേ അടിച്ചമർത്തേണ്ടി വന്നിരുന്നു എന്നു പറയുന്നുണ്ട്. ഇത്രയനവധി ഭീഷണികളും, യുദ്ധങ്ങളും നേരിടേണ്ടി വന്ന ഒരു ബാലനായിരുന്ന അക്ബർ പ്രൗഢഗംഭീരമായ ഒരു സ്മാരകം തന്റെ പിതാവിനുവേണ്ടി നിർമ്മിച്ചു എന്ന് വിശ്വസിക്കാൻ പ്രയാസമാണ്.

ചില ഓർമ്മകുറിപ്പുകളിൽ അക്ബറിന്റെ ഒരു രണ്ടാനമ്മയും കുട്ടികളൊന്നുമില്ലാത്ത ഒരു വിധവയുമാണ് ഈ സ്മാരകം നിർമ്മിച്ചതെന്ന് കാണാനുണ്ട്. നിരക്ഷരയും ദരിദ്രയും ഹുമയൂണിന്റെ 5000 വെപ്പാട്ടികളിൽ ഒരുവൾ മാത്രവുമായിരുന്ന ഒരു വിധവ ഇത്തരത്തിലുള്ള ഒരു കെട്ടിടം നിർമ്മിക്കുമെന്ന് തോന്നുന്നില്ല. ഒരു ചാൺ വയറ്റുപിഴപ്പിനും കിടക്കാനൊരു കൂരപോലും കെട്ടാൻ കഴിവില്ലാതിരുന്ന, ഒരു സന്താനഭാഗ്യം പോലുമില്ലാത്ത വിധവ ഇങ്ങനെയൊരു സ്മാരകം നിർമ്മിച്ചുവെന്ന് തികച്ചും അവിശ്വസനീയമാണ്. അക്ബർ തന്നെ കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകളിലൂടെയാണ് ദിനം തള്ളി നീക്കിയിരുന്നത്. ഒരിക്കൽ ഒരു 18 രൂപ പോലും ആവശ്യം വന്ന സമയത്ത് ഖജനാവുസൂക്ഷിപ്പുകാരന് കൊടുക്കാൻ കഴിഞ്ഞില്ല. ഇത്തരത്തിലുള്ള അക്ബറോ അദ്ദേഹത്തിന്റെ രണ്ടാനമ്മയോ ഹുമയൂണിന്റെ ശവം സൂക്ഷിക്കുന്നതിനുവേണ്ടി ഒരു വൻസ്മാരകം നിർമ്മിച്ചുവെന്നുപറയുന്നത് തികഞ്ഞ അബന്ധമാണ്.

(തുടരും)

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)
ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !



(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം: 6

ഹിന്ദുക്കൾ വൈദികാപൽധർമാശയം വിസ്മരിക്കയാൽ മുസ്ലിം ആക്രമണകാരികൾക്കടിമപ്പെട്ടു ഹിന്ദുരാഷ്ട്രമായിരുന്ന ഭാരതം. തദവസരത്തിൽ ഭരണാധികാരമുപയോഗിച്ച് ഹിന്ദുക്കളെ ''കാഫീർ'' കാട്ടാളൻ എന്ന് മുദ്ര കുത്തി പൈശാചികമായി മർദിയ്ക്കാനും, ഹിംസിയ്ക്കാനും, തുടങ്ങി അവർ. അപ്പോൾ സിഖുകാരുടെ പത്താമത്തേയും, അവസാനത്തേയും ഗുരുവായ ഗോവിന്ദ സിംഹനാണ് ''അകാലി'' യെന്നൊരു സംഘത്തിന്, ഹിന്ദുധർമ്മ വിരോധികൾക്കെതിരെ ആയുധമെടുക്കാനാഹ്വനം ചെയ്തത്. ആശയപരമായി എതിർക്കുന്നവരാണ് 'നാമധാരികളെന്ന നാനാക്കിന്റെ അനുയായികൾ. അകാലികൾ ആയുധസജ്ജരായി ധർമ്മ രക്ഷാർത്ഥം ജീവാർപ്പണം ചെയ്യാൻ പ്രതിജ്ഞയെടുത്ത ചാവേർപടയാവുന്നു. അകാലിയെന്നാൽ ആപൽകാല സംരക്ഷണ സേനയെന്നാണർത്ഥം. യഥാർത്ഥത്തിൽ ഹിന്ദുക്കൾ തന്നെയാണവർ. വൈദേശികാക്രമണകാരികളാണവരെ മറ്റൊരു മതാവലംബികളാക്കി ചരിത്രം വളച്ചൊടിച്ചത്. എന്തിനുവേണ്ടി? അങ്ങനെ ജനങ്ങളെ ഭിന്നിപ്പിച്ചുനിർത്തിയാലേ അവരുടെ സ്വാർത്ഥോദ്ദേശ്യം സഫലീഭവിയ്ക്കു എന്നതുകൊണ്ട്. സത്യം പറഞ്ഞാൽ നെറ്റി ചുളിയും, പുരികം വളയും, മൂക്കു കോട്ടും. സുവർണ്ണ ക്ഷേത്രം സന്ദർശിക്കുന്നവർക്കീ സത്യം പ്രത്യക്ഷത്തിൽ കാണാം. സത്യം സത്യമാണ്. അതിനുമറ്റൊരു രൂപമില്ല. നിത്യമാണ്. ആ നിത്യമായ സവിതാവിനെ സദാ സവനം ചെയ്തുകൊണ്ടിരിക്കുന്നവനെ അല്പനേരത്തേയ്ക്ക്, ഗ്രഹണസമാനം, മറയ്ക്കുവാൻ ആസുരിക മഴക്കാറുകൾക്ക് കഴിയുമായിരിയ്ക്കാം. പക്ഷേ, സ്വയം പ്രകാശസ്വരൂപിയായ ജ്ഞാന വിജ്ഞാന പ്രദർശക സവിതാവിന്റ മിന്നലാകുന്ന വജ്രായുധം തലയ്ക്കു പതിയ്ക്കേണ്ട താമസമേ ഉള്ളു, ആ അഹം സ്വത്വം നശിച്ച്, പ്രപഞ്ചത്തിന്റെ ജീവനാകുന്ന ജലധാരയായി മാറാൻ.

അജ്ഞതമൂലം മത മതാന്തരങ്ങളായി, അതായത്, ആരങ്ങൾ വേർപ്പെട്ട്, കഷണം കഷണങ്ങളായിത്തീർന്ന വണ്ടിചക്രം പോലെയായി പരസ്പരം ലക്ഷ്യബോധമില്ലാതെ, തല്ലലും, കൊല്ലലും, നടത്തുന്ന ഹേ, സഹോദരീ സഹോദരന്മാരെ! നാം സമസ്ത വൈരുദ്ധ്യങ്ങളും വിസ്മരിച്ച് ഒന്നിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വരൂ നമുക്കൊന്നിച്ചുധർമ്മരാക്ഷർത്ഥം 'ഹര ഹര മഹാദേവ 'മുദ്രാവാക്യം മുഴക്കി യുദ്ധാങ്കണത്തിലേക്ക് നീങ്ങാം. ജീവിച്ചാൽ ധർമ്മ ക്ഷേത്രം, മരിച്ചാൽ വീരസ്വർഗ്ഗം, എന്തിനുഭയപ്പെടണം?

(തുടരും)

യാന്തി പ്രമാദമതന്ദ്രാഃ (സാമം 721)
ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു.

ദർശന പരിചയം



# ന്യായ ദർശനം വാത്സ്യായന ഭാഷ്യം

ആചാര്യ ദുണ്ഡിരാജ് ശാസ്ത്രി
തർജ്ജമ : ശ്രീകുമാർ. എൻ

## വാദം, ജല്പം, വിതണ്ഡം

ന്യായ ദർശനം ഒന്നാം അധ്യായം രണ്ടാം ആഹ്നികത്തിലാണ് വാദം, ജല്പം, വിതണ്ഡം ഇവയുടെ നിർവ്വചനങ്ങൾ കൊടുത്തിരിക്കുന്നത്.

ഇവയിൽ ഒന്നാമത്തേതായ വാദത്തിന്റെ നിർവ്വചനം തുടങ്ങുന്നു.

വാദത്തിന്റെ ലക്ഷണം ഇതാണ് :-

''പ്രമാണതർകസാധനോപാലംഭ: സിദ്ധാന്താവിരുദ്ധ: പഞ്ചാവയവോപപന്ന: പക്ഷപ്രതിപക്ഷ പരിഗ്രഹോ: വാദ:'' (ന്യായദർശനം : 1-2-1)

എന്താണ് വാദം എന്നതിന് മുകളിൽ നാല് ലക്ഷണങ്ങൾ കൊടുത്തിരിക്കുന്നു. (1) പ്രമാണതർകസാധനോപാലംഭ: (2) സിദ്ധാന്താവിരുദ്ധ: (3) പഞ്ചാവയവോപപന്ന: (4) പക്ഷപ്രതിപക്ഷൗപരിഗ്രഹഃ.

അവ ഓരോന്നായി നമുക്ക് പരിശോധിക്കാം.

ഒന്നാമത്തെ ലക്ഷണം: ''പ്രമാണതർകസാധനോപാലംഭ:''

അർത്ഥം: (പ്രമാണ തർക്ക) = പ്രമാണം, തർക്കം ഇവയിലൂടെ, (സാധന) = സ്വന്തം പക്ഷത്തെ സ്ഥാപിക്കുകയും, (ഉപാലംഭ:) = എതിർപക്ഷത്തെ ഖണ്ഡിക്കുകയും ചെയ്യുന്നത്, (വാദ:) =വാദം ആകുന്നു

രണ്ടാമത്തെ ലക്ഷണം: 'സിദ്ധാന്താവിരുദ്ധ: = (സിദ്ധാന്ത + അവിരുദ്ധ)

അർത്ഥം: ഇങ്ങനെ നടത്തുന്ന വാദത്തിൽ, (സിദ്ധാന്ത) = സ്വന്തം സിദ്ധാന്തത്തിന്, (അവിരുദ്ധ:) = വിരുദ്ധമല്ലാത്ത കാര്യങ്ങൾ മാത്രമേ പ്രയോഗിക്കാൻ പാടുള്ളൂ. അതായത് സിദ്ധാന്തത്തിന് അനുകൂലമായ ഹേതുക്കൾ മാത്രമേ വാദത്തിൽ ഉപയോഗിക്കാൻ പാടുള്ളൂ, എതിരായത് പ്രയോഗിക്കരുത്.

മൂന്നാമത്തെ ലക്ഷണം: ''പഞ്ചാവയവോപപന്ന:'' = (പഞ്ചാവയവ + ഉപപന്ന)

അർത്ഥം: ഈ ചർച്ചകൾ, (പഞ്ചാവയവ) = പഞ്ചാവയങ്ങളാൽ, (ഉപപന്ന) = യുക്തമായത് ആയിരിക്കണം. (ന്യായ ദർശനത്തിലെ അറിഞ്ഞിരിക്കേണ്ടതായ 16 തത്വങ്ങളിൽ ഏഴാമത്തേതായ അവയവം എന്ന തത്വമാണ് ഇവിടെ പഞ്ചാവയവം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അഞ്ച് വാക്യങ്ങളുടെ സമൂഹത്തെയാണ് പഞ്ചാവയവം എന്ന് പറയുന്നത് പ്രതിജ്ഞ, ഹേതു, ഉദാഹരണം ഉപനയം, നിഗമനം എന്നിവയാണ് ഇവ. അനുമാന

ബൃഹദ് വദേമ വിവഥേ സുവീരാഃ (യജുർവേദം 34.58)
ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും.

പ്രക്രിയയിൽ ഈ അഞ്ച് അവയവ വാക്യങ്ങളിലൂടെയാണ് ഒരാൾ തൻറെ അനുമാനം മറ്റൊരാളെ ബോധിപ്പിക്കുന്നത്. വാദത്തിൽ അഞ്ച് അവയവവാക്യങ്ങളും ഉപയോഗിച്ച് തങ്ങളുടെ സിദ്ധാന്തം സമർത്ഥിക്കേണ്ടത് ആകുന്നു എന്ന് ലക്ഷണം നൽകുന്നു.

നാലാമത്തെ ലക്ഷണം: "പക്ഷപ്രതിപക്ഷപരിഗ്രഹ:"

അർത്ഥം: (പക്ഷ പ്രതിപക്ഷൗ) = പക്ഷം, പ്രതിപക്ഷം ഇവയെ; (പരിഗ്രഹ:) = സ്വീകരിക്കുന്നത് ആയിരിക്കണം വാദം.

ഇങ്ങനെ ഈ നാല് ലക്ഷണങ്ങൾ ഉള്ളതാണ് വാദം. വാത്സ്യായന മഹർഷിയാൽ എഴുതപ്പെട്ട ഇതിന്റെ ഭാഷ്യം നമുക്ക് ഒന്ന് പരിശോധിക്കാം.

ആദ്യം "പക്ഷ പ്രതിപക്ഷൗ" എന്താണെന്ന് നോക്കാം.

(പക്ഷ പ്രതിപക്ഷൗ) ഒരേ അധികരണത്തിൽ രണ്ട് വിരുദ്ധ ധർമ്മങ്ങൾ പരസ്പരം എതിരാവുന്നത് കാരണം പക്ഷപ്രതിപക്ഷങ്ങൾ ഉണ്ടാവുന്നു. പക്ഷം പ്രതിപക്ഷത്തിന് എതിരാകുന്നു. ഉദാഹരണത്തിന് ഒരാൾ ആത്മാവ് ഉണ്ട് എന്നും മറ്റൊരാൾ ആത്മാവ് ഇല്ല എന്നും പറയുന്നു എന്ന് കരുതുക. ഇവിടെ ആത്മ എന്ന ഒരേ അധികരണത്തിൽ രണ്ട് വിരുദ്ധ അഭിപ്രായങ്ങൾ രണ്ടു പേർ മുന്നോട്ട് വെക്കുന്നു.

ഒന്നാമത്തെ പക്ഷം - ആത്മാവ് ഉണ്ട്. രണ്ടാമത്തെ പക്ഷം - ആത്മാവ് ഇല്ല.

ഇതിൽ ആദ്യത്തേതിനെ പക്ഷം എന്നും രണ്ടാമത്തേതിനെ പ്രതിപക്ഷം എന്നും പറയുന്നു.

എന്നാൽ അനേക അധികരണങ്ങളിൽ ആണ് വിരുദ്ധ ധർമ്മം ഉള്ളത് എങ്കിൽ അവിടെ പക്ഷവും പ്രതിപക്ഷവും ഇല്ല എന്ന് മനസ്സിലാക്കണം. ഉദാഹരണത്തിന് ഒരാൾ പറയുന്നു ആത്മാവ് നിത്യമാണ് എന്നും മറ്റൊരാൾ പറയുന്നു, ബുദ്ധി അനിത്യം ആണ് എന്നും. ഇവിടെ രണ്ട് വിരുദ്ധ ധർമ്മങ്ങൾ പറഞ്ഞിട്ടുണ്ട് എങ്കിലും ഒരേ അധികരണത്തിൽ അല്ല ഈ വിരുദ്ധ ധർമ്മങ്ങൾ. ഒരാൾ ആത്മാവിനെ കുറിച്ച് പറയുമ്പോൾ മറ്റൊരാൾ ബുദ്ധിയെ കുറിച്ചാണ് പറയുന്നത്. അതുകൊണ്ടുതന്നെ ഇവിടെ തർക്കം ഉണ്ടാവില്ല. വാദവും ഉണ്ടാവില്ല.

ഇക്കാരണത്താൽ ഏതൊരു ചർച്ചയും തുടങ്ങുന്നതിനുമുൻപ് അതിൽ പക്ഷവും പ്രതിപക്ഷവും ഉണ്ടോ എന്ന് പരിശോധിക്കണം. ഇതാണ് പക്ഷം എന്നും ഇതാണ് പ്രതിപക്ഷം എന്ന നിശ്ചയിക്കണം. ഇത് മനസ്സിലാക്കാൻ ആയില്ലെങ്കിൽ ചർച്ച അനാവശ്യമായി നടന്നുകൊണ്ടേയിരിക്കും. ഒടുവിലായിരിക്കും മനസ്സിലാകുക, രണ്ടുപക്ഷവും ഒരേ കാര്യത്തിലാണ് തർക്കിച്ചുകൊണ്ടിരിക്കുന്നത് അല്ലെങ്കിൽ പരസ്പര ബന്ധമില്ലാത്ത വിഷയത്തിലാണ് തർക്കിക്കുന്നത് എന്ന്.

അതുകൊണ്ട് പക്ഷം പ്രതിപക്ഷം എന്നിവയെ സ്വീകരിക്കലാണ് വാദത്തിന്റെ പ്രഥമ ലക്ഷണം. (തുടരും)

ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10.28)
ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു.

*(മുൻലക്കത്തിന്റെ തുടർച്ച)*



# ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം

സത്യാനന്ദ് 'വേദവാഗീശ്'
തർജ്ജമ : ബ്രഹ്മചാരി ശാസ്തൃശർമ്മൻ

## വൈതരണീനദി കടക്കാനുള്ള ഗോദാനവും പോപ്പിന്റെ ലീലകളും (തുടർച്ച....)

(മഹർഷി ദയാനന്ദസരസ്വതി വൈഷ്ണവ മത സമ്പ്രദായത്തിലെ അനാചാരങ്ങളെ ഖണ്ഡിക്കുന്നതിനായി അത്തരം ആളുകളുടെ ലീലകളെ വർണ്ണിക്കുമായിരുന്നു. അതിലെ ഏതാനും ഭാഗമാണ് ഇവിടെ കൊടുത്തിരിക്കുന്നത്)

ചിലർ മരംകൊണ്ടുണ്ടാക്കിയ കൗപീനം ധരിക്കയും. നാലുപാടും അഗ്നി ജ്വലിപ്പിച്ചു അതിന്റെ മധ്യത്തിലിലിരിക്കുകയും ജടവളർത്തി സിദ്ധന്മാരുടെ വേഷം ധരിക്കുകയും ചെയ്യുന്നു. കഞ്ചാവ്, കള്ള്, ചാരായം മുതലായ മാദകദ്രവ്യങ്ങൾ ഉപയോഗിച്ച് കണ്ണ് ചുവപ്പിക്കുകയും വീടുതോറും നടന്ന് ഓരോപിടി അന്നം വീതം വാങ്ങിയും കാലം കഴിച്ചുകൂട്ടുകയും ചെയ്യുന്നു. ഗൃഹസ്ഥന്മാരുടെ കുട്ടികളെ പറഞ്ഞു ചതിച്ച് അവരെ തങ്ങളുടെ ശിഷ്യന്മാരാക്കുന്നു. അധികവും ഇവരുടെ ശിഷ്യന്മാർ കൂലിവേലക്കാരാണ്. ആരെങ്കിലും വിദ്യ പഠിക്കുകയാണെങ്കിൽ അവരെ അതിൽ നിന്ന് പിൻതിരിപ്പിക്കുന്നു. അവരോടിപ്രകാരം പറയുന്നു.

പഠിതവ്യം തദപിമർത്തവ്യം
ദന്തകടാകടേതി കിം കർത്തവ്യം.

സന്യാസികൾ വിദ്യാഭ്യാസം ചെയ്യേണ്ട ആവശ്യമില്ല. എന്തെന്നാൽ വിദ്യ പഠിക്കുന്നവരും ഒരു കാലത്ത് മരിച്ചുപോകുന്നു. പിന്നെന്തിനാണ് ഈ പ്രയത്നം ചെയ്യുന്നത്? സന്യാസികൾക്ക് നാല് ധാമങ്ങളിൽ സഞ്ചരിക്കുക, സന്യാസികളെ ശുശ്രൂഷിക്കുക, രാമഭജനം ചെയ്ക, ഇത്രയുമാണ് കർത്തവ്യകർമ്മം.

ആരെങ്കിലും അവിദ്യാമൂർത്തിയെ കണ്ടിട്ടില്ലെങ്കിൽ ഈ ഭസ്മലേപികളെ കണ്ടാൽ മതിയാകുന്നതാണ്. അവരുടെ അടുത്ത് അവരുടെ അച്ഛനമ്മമാരുടെ പ്രായമുള്ളവർ ചെന്നാലും അവരെ മകനേ! മകളേ! എന്നിങ്ങനെയാണ് സംബോധനചെയ്യുക. ഭസ്മലേപികളെപ്പോലെതന്നെ രൂംഖഡു. സൂംഖഡു. ഗോദഡിയേ, ജമാതവാലേ, സുതരേസായി, അകാലി, കൻഫടേ, ജോഗി, ഔഘഡു എന്നിങ്ങനെ കുറെ കൂട്ടരുമുണ്ട്. ഒരിക്കൽ ഒരു ഭസ്മലേപിയുടെ ശിഷ്യൻ ''ശ്രീഗണേശായനമ'' എന്ന് ജപിച്ചുകൊണ്ട് കിണറ്റിൽനിന്ന് വെള്ളം കോരാൻ പോയി. അവിടെ ഒരു പണ്ഡിതൻ ഇരുന്നിരുന്നു. ശിഷ്യൻ ''സ്രീഗനേസാജനമേ'' എന്നു ജപിക്കുന്നതുകേട്ടിട്ട് പണ്ഡിതൻ അയാളെ വിളിച്ചിപ്രകാരം പറഞ്ഞു. നീ ഉച്ചരിക്കുന്നത് അശുദ്ധമാണ് ''ശ്രീഗണേശായനമ'' എന്ന് ജപിക്കുക എന്നുപറഞ്ഞു അയാൾ പെട്ടെന്ന് വെള്ളം നിറച്ചുകൊണ്ട് ഗുരുവിന്റെ അടുത്തു ചെന്നിട്ടിപ്രകാരം പറഞ്ഞു ഒരു ബമ്മൻ (ബ്രാഹ്മണൻ) ഞാൻ ഉച്ചരിച്ചത് അശുദ്ധമാണെന്ന് പറയുന്നു. ഇതുകേട്ട് ഭസ്മലേപി അവിടെനിന്നും പണ്ഡിതന്റെ അടുത്തുവന്നിട്ടിപ്രകാരം പറഞ്ഞു. നീ എന്റെ ശിഷ്യനെ എന്തിനാണ് ചതിക്കുന്നത്! നീ ഗുരുവിന്റെ ലണ്ഠം (ഉപദേശഗ്രന്ഥം)പഠിച്ചിട്ടുണ്ടോ? നിനക്ക് ഒരു പ്രകാരത്തിലല്ലാതെ ഉച്ചരിക്കാനറിയാമൊ? ഞങ്ങൾക്ക് മൂന്നുപ്രകാരത്തിലറിയാം.

(തുടരും)

ധർമ്മം ചര (തൈ. 2. 1.11.1)
ധർമ്മാചരണം ചെയ്യൂ !



# സപ്ത ഋഷികളുടെ നിസർഗോപചാരം അഥവാ പ്രകൃതിചികിത്സ വേദങ്ങളിൽ

പണ്ഡിറ്റ് ശ്രീപാദ് ദാമോദർ സാത്വലേക്കർ
തർജ്ജമ: ശ്രീകുമാർ. എൻ

*(മുൻലക്കത്തിന്റെ തുടർച്ച)*

4. അത്രി മഹർഷിയുടെ മാനസ ചികിത്സ
   ഋഗ്വേദം മണ്ഡലം-10 സൂക്ത-137 മന്ത്രം-4
   ഋഷിഃ അത്രിഃ || ദേവതാ - വിശ്വേ ദേവാഃ ||
   ഛന്ദഃ നിചൃതനുഷ്ടുപ്തി || സ്വരഃ ഗാന്ധാരഃ
   ആ ത്വാ ഗമം ശാന്താതിഭിരഥോ അരിഷ്ടതാ തി ഭിഃ |
   ദക്ഷം തേ ഭദ്രമാർ ഷം പരായ ക്ഷ്മം സുവാമി തേ ||

വൈദ്യൻ രോഗിയുടെ അടുത്തുവന്നു പറയുന്നു - (ത്വാ ആഗമമ്) ഞാൻ നിന്റെ സമീപത്ത് വന്നിരിക്കുന്നു. (ശാന്താതിരിഭിഃ) ഈ രോഗങ്ങളെ മാറ്റുന്ന ഔഷധങ്ങളും ആയി. (അവ്യ ഉ) കൂടാതെ നിശ്ചയമായും (അരിഷ്ടതാതിഭി) അഹിംസയെ വിസ്തൃതമാക്കുന്ന ഔഷധങ്ങളും ആയി. (തേഭദ്രം ദക്ഷം ആദാർഷമ്) നിനക്ക് വേണ്ടി മംഗളകാരിയും സുഖദായകവുമായ ബലത്തെ ഞാൻ നേടിയിട്ടുണ്ട്. കൂടാതെ (തേ)നിന്റെ (യക്ഷ്മമ്) രോഗത്തെ (പരാ സുവാമി) ദൂരേക്ക് അയക്കുന്നു.

5. വിശ്വാമിത്ര ഋഷിയുടെ പ്രാർത്ഥനാ ചികിത്സ
   ഋഗ്വേദം മണ്ഡലം-10 സൂക്തം-137 മന്ത്രം-5
   ഋഷിഃ വിശ്വാമിത്രഃ || ദേവതാ - വിശ്വേ ദേവാഃ ||
   ഛന്ദഃ അനുഷ്ടുപ് || സ്വരഃ ഗാന്ധാരഃ
   ത്രായന്താമിഹ ദേവാസ്ത്രായതാം മരുതാം ഗണഃ |
   ത്രായന്താം വിശ്വാഭൂതാനി യഥായമരപാ അസത് ||

വൈദ്യൻ രോഗിക്കുവേണ്ടി പ്രാർത്ഥന ചെയ്യുന്നു. (ഇഹ) ഈ ലോകത്ത് (ദേവാ) എല്ലാ ദേവതകളും (ത്രായന്താമ്) നമ്മളെ രക്ഷിക്കട്ടെ (മരുതാം ഗണ) മരുത ഗണങ്ങൾ നമ്മളെ രക്ഷിക്കട്ടെ, (വിശ്വാഭൂതാനി) സർവ്വ പ്രാണികളും (ത്രായന്താമ്) നമ്മളെ രക്ഷിക്കട്ടെ. (യഥാ അയം അരപ: അസത്) ഇതിനാൽ ഈ നമ്മുടെ ശരീരം രോഗം, പാപം എന്നിവയിൽനിന്ന് രക്ഷപ്പെടട്ടെ

6. ജമദഗ്നി ഋഷിയുടെ ജല ചികിത്സ
   ഋഗ്വേദം മണ്ഡലം-10 സൂക്തം-137 മന്ത്രം-6
   ഋഷിഃ ജമദഗ്നിഃ || ദേവതാ - വിശ്വേ ദേവാഃ ||
   ഛന്ദഃ അനുഷ്ടുപ് || സ്വരഃ ഗാന്ധാരഃ
   ആപ ഇദ്വാ ഉ ഭേഷജീരാപോ അമീവചാതനീഃ
   ആപ സർവ്വസ്യ ഭേഷജീസ്താസ്തേ കൃണ്വന്തു ഭേഷജമ് ||

(ആ പഃ ഇദ്വാ ഉ ഭേഷജീ) ജലം നിശ്ചയമായും ഔഷധം ആകുന്നു. (ആപഃ അമീവചാതനീ) ജലം രോഗബീജങ്ങൾ ഇല്ലാതാക്കുന്നു. (ആപഃസർവ

പാവകവർണ്ണഃ ശുചയോ വിപശ്ചിതഃ (യജു. 33.81).
വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.

സ്യ ഭേഷജീ) ജലം സർവ്വർക്കും ഹിതം നൽകുന്ന ഔഷധ രൂപം ആകുന്നു. (താതേ ഭേഷജം കൃണ്വന്തു) ആ ജലം നിനക്ക് വേണ്ടി രോഗ നാശകൻ ആവട്ടെ.

7. വസിഷ്ഠ ഋഷിയുടെ സ്പർശ ചികിത്സ
ഋഗ്വേദം മണ്ഡലം-10 സൂക്തം-137 മന്ത്രം-7
ഋഷിഃ വസിഷ്ഠഃ || ദേവതാ - വിശ്വേ ദേവാഃ ||
ഛന്ദഃ നിചൃതനുഷ്ടുപ് || സ്വരഃ ഗാന്ധാരഃ
ഹസ്താഭ്യാം ദശശിഖാഭ്യാം ജിഹ്വാ വാചഃ പുരോഗവീ |
അനാമയിത്നുഭ്യാം താഭ്യാം ത്വോപ സ്മൃശാമസി ||

വൈദ്യൻ രോഗിയോട് അവസാനം പറയുന്നു ഈ (ജിഹ്വാ) വാണി (വാചഃ) ഉത്സാഹം ഉണ്ടാക്കുന്ന വാക്കുകൾ കൊണ്ട് (പുരോഗവീ) മുന്നോട്ട് കൊണ്ടുപോകുന്നത് ആകുന്നു. (എന്റെ ശബ്ദം നിന്നിൽ ഉത്സാഹം ഉണ്ടാകട്ടെ) കൂടാതെ ഈ (ദശശാഖാഭ്യാം ഹസ്താഭ്യാം) പത്ത് വിരലുകളുള്ള കൈകൾ (അനാമയിത്നുഭ്യാം) രോഗങ്ങൾ ഇല്ലാതാക്കുന്നവയാകുന്നു (താഭ്യാം) ഈ കൈകൾ കൊണ്ട് (ത്വാ) നിന്നെ (ത്വാ) നിശ്ചയമായും (ഉപസ്പൃശ്രാമസി) സ്പർശിക്കുന്നു.

വിസ്തൃത ഭാഷ്യം - സപ്തർഷികളുടെ നിസാർഗോപചാരം

സപ്ത ഋഷികളുടെ ആശ്രമത്തിൽ വസിക്കുന്നതിന് വളരെ മികച്ച ഒരു ജീവിതക്രമം ഉണ്ടായിരുന്നു. ഇതിൽ ദിനചര്യ മാസചര്യ, ഋതുചര്യ അയനചര്യ ഇങ്ങനെയുള്ള ക്രമീകരണം ഉണ്ടായിരുന്നു. ഇക്കാരണത്താൽ അവിടെ വസിക്കുന്നവരെ രോഗങ്ങൾ ആക്രമിക്കില്ലായിരുന്നു. എന്നാൽ ഏതെങ്കിലും കാരണത്താൽ രോഗമുണ്ടായാൽ അവയെ പ്രകൃതി ചികിത്സയിലൂടെ മാറ്റാൻ ഉള്ള പ്രതിവിധികൾ ഋഷിമാർ ചെയ്തിരുന്നു. ഇതിന്റെ വർണ്ണന ഈ സൂക്തത്തിൽ നടത്തിയിരിക്കുന്നു

ഭരദ്വാജ് ഋഷി (ഭരദ്വാജ മഹർഷിയുടെ അന്ന ചികിത്സ)

ഈ സൂക്തത്തിലെ പ്രഥമ മന്ത്രത്തിന്റെ ഋഷി ഭരദ്വാജൻ ആകുന്നു. ഇതിൻറെ അർത്ഥം ഭരത് + വാജ : എന്നാണ് അന്നത്താൽ നിറക്കുക അന്നത്തെ നിറയ്ക്കുക, പൂർണം ചെയ്യുക, ബലം ഉണ്ടാക്കുക എന്നിവയുടെ വിധി അറിയുന്ന ആളെ ഭരദ്വാജൻ എന്ന് വിളിക്കുന്നു. ഭക്ഷണത്താൽ പോഷണം ചെയ്യുക, രോഗത്തെ ഇല്ലാതാക്കുക, ധനം വർദ്ധിപ്പിക്കുക എന്നിവ ചെയ്യുന്നയാൾ എന്ന അർത്ഥം. ഏത് ഋതുവിൽ ഏത് രോഗാവസ്ഥയിൽ ഏത് അവസ്ഥകളിൽ ഏത് ഭക്ഷണം കഴിക്കണം എന്ന് വിധി അറിയുന്ന്യശഷി. അനുയോജ്യമായ അന്നത്താൽ രോഗമില്ലാതാക്കുക, ശരീരത്തിന് പുഷ്ടി ഉണ്ടാക്കുക ബലവും ശക്തിയും വർധിപ്പിക്കുക എന്നിവ ചെയ്യണം. ഈ വിദ്യ എല്ലാവരും അറിഞ്ഞിരിക്കണം ചില ഭക്ഷണങ്ങൾ കഫ പ്രകൃതവും ചിലത് പിത്ത പ്രകൃതവും ചിലത് വാത പ്രകൃതവും ആകുന്നു അതായത് കഫം, പിത്തം, വാതം എന്നിവയെ ക്രമത്തിൽ ഉല്പാദിപ്പിക്കുന്നത് എന്നർത്ഥം. ഇവയെക്കുറിച്ച് ശരിയായ ജ്ഞാനം ഉണ്ടാക്കി ഏത് ഋതുവിൽ ഏത് രോഗ അവസ്ഥയിൽ ഏതുതരം ഭക്ഷണം കഴിച്ച് അനുയോജ്യമായ ബലം ശരീരത്തിൽ ഉണ്ടാക്കി ത്രിദോഷങ്ങളുടെ ശമനം ഉണ്ടാക്കാൻ കഴിയുമെന്ന വിദ്യ അറിയുന്ന ഭരത് വാജ : (തുടരും)

യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)
രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.



ബാലപംക്തി

# ഗുണപാഠ കഥകൾ

സമ്പാദകൻ : കെ. കെ. ജയൻ ആര്യ

## ഫലങ്ങളിലെ മധുരിമ

ബൗദ്ധ വാങ്മയങ്ങളിൽ പ്രസിദ്ധമായ ജാതക കഥകളിലുള്ള ഒരുകഥയാണിത്. ഒരിക്കൽ വാരാണാസിയിലെ രാജാവ് ബ്രഹ്മദത്തൻ സ്വന്തം ന്യൂനതയറിയുവാൻ വേണ്ടി ഉത്തര ഭാരതത്തിലെ നഗരങ്ങളിലൂടെ യാത്രയാരംഭിച്ചു. എന്നാൽ തന്റെ ദോഷങ്ങളെക്കുറിച്ച് സംസാരിക്കുന്ന ആരേയും കണ്ടില്ല. അവസാനം യാത്ര ചെയ്ത് ഹിമാലയത്തിലെത്തി. അവിടെ ബോധിസത്വൻ എന്ന ഒരു സംന്യാസിയെ കണ്ടു. ബോധിസത്വൻ രാജാവിനെ ഉപചാരപൂർവ്വം സ്വീകരിച്ചു. കുശല ക്ഷേമത്തിനുശേഷം സമീപത്തുള്ള ഫലവൃക്ഷങ്ങളിൽ നിന്നും ഇഷ്ടമുള്ള ഒരു പഴം ഭക്ഷിച്ചു കൊള്ളാൻ പറഞ്ഞു. ഫലങ്ങൾ ഇഷ്ടപെട്ടിരുന്ന രാജാവ് സമീപത്തുണ്ടായിരുന്ന ഒരു വൃക്ഷത്തിൽ നിറയെ ഫലം നിൽക്കുന്നതുകണ്ട് നല്ലവണ്ണം പാകമായ ഒരു പഴം പറിച്ചെടുത്ത് ഭക്ഷിച്ചു. മധുരം നിറഞ്ഞ ആ ഫലം ഭക്ഷിച്ചുകൊണ്ട് രാജാവ് ബോധിസത്വനോട് പറഞ്ഞു. 'ഈ ഫലങ്ങളെല്ലാം നന്നായി മധുരിക്കുന്നുവല്ലൊ, എന്താണ് കാരണം?'

ബോധിസത്വൻ പറഞ്ഞു. 'ഈ ദേശത്തെ രാജാവ് നിശ്ചയമായും ധർമ്മാനുസാരം ന്യായപൂർവ്വം രാജ്യം ഭരിക്കുന്നു. അതുകൊണ്ടാണ് ഇവിടെ വിളയുന്ന ഫലം കൂടുതൽ മധുരമുള്ളതായത്.' രാജാവ് അധാർമ്മികനാകുമ്പോൾ അവിടെ വിരിയുന്ന പൂക്കളിലെ തേൻ, കരിമ്പ് പഴവർഗ്ഗങ്ങൾ എന്നിവകളിൽ മധുരം കുറയുന്നു.

ബോധിസത്വനോട് യാത്ര പറഞ്ഞ് രാജാവ് മടങ്ങി. മടങ്ങുമ്പോൾ രാജാവിന്റെ മനസ്സിൽ ഖജനാവ് നിറക്കുന്ന ചിന്തയും കടന്നു കൂടി. തന്റെ ഭരണത്തിൽ ഈ വനത്തിലെ മുനിമാരും നഗരങ്ങളിലെ മറ്റു ജനങ്ങളുമെല്ലാം സുഖമായി കഴിയുന്നു. വാരാണാസിയിലെത്തുമ്പോഴേക്കും അദ്ദേഹം പ്രജാ പാലനം മറന്ന് ഇവരിൽ നിന്ന് എപ്രകാരം കൂടുതൽ ധനം വസൂലാക്കണമെന്ന ചിന്തയായിരുന്നു ഉണ്ടായിരുന്നത്.

മാസങ്ങൾ കഴിഞ്ഞു ബ്രഹ്മദത്തൻ വീണ്ടുമൊരിക്കൽ ആ താപസിയുടെ ആശ്രമത്തിലെത്തി. ഇത്തവണ ആ വൃക്ഷത്തിന്റെ ഫലം രുചിച്ചുനോക്കി. എന്നാലത് കയ്പ്പുകൊണ്ട് ഇറക്കാൻ കഴിഞ്ഞില്ല. അപ്പോൾ ബ്രഹ്മദത്തനോട് താപസ്വി ബോധിസത്വൻ പറഞ്ഞു 'നിശ്ചയമായും ഇപ്പോൾ ഞങ്ങളുടെ രാജാവ് സ്വാർത്ഥനും അധാർമ്മികനുമായി മാറിയിരിക്കുന്നു. അതിനാലാണ് ഫലമൂലാദികൾ കയ്പ്പു നിറഞ്ഞ് രസഹീനമായിരിക്കുന്നത്.'

ഇതെല്ലാം കേട്ട രാജാ ബ്രഹ്മദത്തന് തന്റെ പ്രവൃത്തിയിൽ ദു:ഖം തോന്നി ഭാവിയിൽ പ്രജകളുടെ ക്ഷേമത്തിനുവേണ്ടി ധർമ്മാനുസാരം പ്രജാപാലനം നടത്തുമെന്ന് സങ്കല്പമെടുത്തു. ■

ഈശാവാസ്യമിദം സർവ്വമ്। (യജുർവേദം 40.1)
ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.

# യജുർവേദം ഒരു സരള പരിചയം

ഡോ. ഭവാനിലാൽ ഭാരതീയ

തർജ്ജമ : കെ. എം. രാജൻ മീമാംസക്

## പ്രസ്താവന

*(മുൻലക്കത്തിന്റെ തുടർച്ച)*

സമസ്ത വിദ്യകളുടേയും മൂലസ്രോതസ്സും വിവിധ ജ്ഞാന വിജ്ഞാനങ്ങളുടെ ഉറവിടവുമാണ് വേദങ്ങൾ എന്ന് മഹർഷി ദയാനന്ദൻ വിശേഷിപ്പിക്കുകയുണ്ടായി. പുതിയതായ ഒരു കാര്യവും അദ്ദേഹം പറഞ്ഞിട്ടില്ല. മാനവ ഭരണഘടന പോലുള്ളവയുടെ ആദ്യത്തെ രചയിതാവായ മനു വേദവിഷയത്തെ കുറിച്ച് പറഞ്ഞിരിക്കുന്നത് വേദങ്ങളിൽ സർവ്വജ്ഞാനങ്ങളുമടങ്ങിയിട്ടുണ്ട് എന്നാണ്. 'സർവ്വ ജ്ഞാന മയോ ഹി സ: ।'

കൂടാതെ മനു സ്പഷ്ടമായി പറയുന്നുണ്ട് വേദങ്ങൾ തന്നെയാണ് മാനവരുടെ വിവിധ വർഗ്ഗങ്ങൾക്ക് (പിതരർ, ദേവന്മാർ, മനുഷ്യർ) യഥാർത്ഥ മാർഗ്ഗം കാണിച്ചുകൊടുക്കുന്ന അതായത് സൽമാർഗ്ഗത്തിൽ ചരിക്കാൻ സഹായിക്കുന്ന സനാതന കണ്ണുകൾ എന്ന്. ഇത് പരമാത്മാവിന്റെ സദാ നിലനിൽക്കുന്ന നിത്യ ജ്ഞാനമാണ്. അതിനാൽ ഇതിൽ ഒരു പ്രകാരത്തിലുള്ള സംശയവുമുണ്ടാവാൻ പാടില്ല. മാത്രമല്ല, വേദപ്രമാണങ്ങൾക്ക് മറ്റൊരു പ്രമാണങ്ങളുടെയും ആവശ്യകതയുമില്ല. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെ മനുഷ്യസമൂഹത്തിലെ നാല് ഘടകങ്ങൾ, ദ്യൂലോകം, അന്തരിക്ഷ ലോകം, പൃഥിവീ ലോകം, ബ്രഹ്മചര്യം, ഗൃഹസ്ഥം, വാനപ്രസ്ഥം, സന്യാസം തുടങ്ങിയ ആശ്രമങ്ങളിൽ ഉള്ളവരുടെ കർത്തവ്യങ്ങൾ തുടങ്ങി സർവ്വ വിഷയങ്ങളും വേദങ്ങളിൽ പരാമർശിച്ചിട്ടുണ്ടെന്ന് മനു പറയുന്നുണ്ട്. സംഭവിച്ചതും ഇപ്പോൾ നടക്കുന്നതും ഭാവിയിൽ സംഭവിക്കാൻ പോകുന്നതുമെല്ലാം വേദങ്ങളിലുണ്ട് എന്നത് അതിശയോക്തിയാവില്ല.

വേദങ്ങളെ സർവ്വവിദ്യകളുടേയും ഉറവിടമായി വിശേഷിപ്പിച്ച മനു പറയുന്നത് സേനാപതിയുടെ കർത്തവ്യങ്ങൾ, രാജ്യഭരണ വിജ്ഞാനം, കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷയുടെ വ്യവസ്ഥ, മാനവർക്ക് വേണ്ടുന്ന നേതൃത്വഗുണങ്ങൾ, സമ്പൂർണ്ണ ലോക-ലോകാന്തരങ്ങൾക്ക് നല്ല വ്യവസ്ഥാപിതരൂപത്തിൽ ചരിക്കാൻ വേണ്ടുന്ന എല്ലാ വിഷയങ്ങളും വേദങ്ങളിൽ ഉണ്ട്. വേദങ്ങളുടെ പ്രാമാണികതാ വിഷയത്തിൽ എല്ലാ ശാസ്ത്രകാരന്മാരും, ദാർശനികരും വേദങ്ങളുടെ അപൗരുഷേയത്തേയും ഈശ്വരീയ നിർമ്മിതമെന്ന വിശ്വാസത്തേയും ഏകകണ്ഠമായി അംഗീകരിക്കുകയും അവക്ക് ശാസ്ത്രങ്ങളിലെ ഏറ്റവും ഉന്നത സ്ഥാനം നൽകുകയും ചെയ്യുന്നുണ്ട്.

(തുടരും)

---

ദയാനന്ദ സന്ദേശത്തിൽ പ്രസിദ്ധീകരിക്കാൻ രചനകൾ ക്ഷണിക്കുന്നു
താഴെ കൊടുക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതുണ്ട്

1. രചനകൾ മൗലികമായിരിക്കണം
2. മറ്റെവിടെയും പ്രസിദ്ധീകരിച്ചതാവരുത്
3. പരിഭാഷകൾ ആണെങ്കിൽ ഗ്രന്ഥകർത്താവിന്റെ പേര് വെക്കണം.
4. മഹർഷി ദയാനന്ദസരസ്വതിയുടെ ആശയങ്ങൾക്കും വൈദിക സിദ്ധാന്തങ്ങൾക്കും അനുകൂലമായ രചനകൾ ആയിരിക്കണം.
5. രചനകൾക്കൊപ്പം അവയിലെ വിഷയങ്ങളെ സമർത്ഥിക്കുന്ന പ്രമാണങ്ങളും റഫറൻസ് ഗ്രന്ഥങ്ങളുടെ പേരും വെക്കണം.
6. രചനകൾ ടൈപ്പ് ചെയ്ത് സ്വന്തം പേരും മേൽവിലാസവും ഫോൺ നമ്പറും സഹിതം അയക്കണം.

പത്രാധിപർ

# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ



## ആര്യസമാജം പെരുമ്പാവൂർ മൂന്നാം വാർഷികോത്സവം ആഘോഷിച്ചു

പെരുമ്പാവൂർ ആര്യസമാജത്തിന്റെ മുന്നാം വാർഷികാഘോഷം 2025 മാർച്ച് മാസം 23 രാവിലെ 9.30ന് പെരുമ്പാവൂരിലെ വേദനിലയത്തിൽ (ഔഷധിജം.) വെച്ച് സാമുചിതമായി ആഘോഷിച്ചു. പെരുമ്പാവൂർ ആര്യസമാജം അധ്യക്ഷൻ ശ്രീ. കെ. കെ. ജയൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീ. എം. ബി. സുരേന്ദ്രൻ (സംഘചാലക്, RSS പെരുമ്പാവൂർ ഘണ്ഡ്) ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രീ. കെ. പി. പ്രേംജി (ആർഷവിദ്യ വൈദിക ഗുരുകുലം, എറണാകുളം) മുഖ്യ പ്രഭാഷണം നടത്തി. ശ്രീ. പ്രശാന്ത് മണികണ്ഠൻ (ഉപാധ്യക്ഷൻ, ആര്യസമാജം, പെരുമ്പാവൂർ) സ്വാഗതം ആശംസിച്ചു. ശ്രീ. വി. കെ. സന്തോഷ് റിപ്പോർട്ട് അവതരിപ്പിച്ചു. പ്രൊഫ. ശ്രീനിവാസൻ. കെ (സംസ്കൃത വിഭാഗം, സെന്റ് പീറ്റേഴ്സ് കോളജ്, കോലഞ്ചേരി) ആര്യസമാജം വെള്ളിനേഴി പ്രസിദ്ധീകരിച്ച ശ്രീ. കെ. കെ. ജയൻ ആര്യ തർജ്ജമ നിർവ്വഹിച്ച *വൈദിക ഗണപതി* എന്ന പുസ്തകം ആര്യപ്രചാരകനും കാറൽമണ്ണ വേദഗുരുകുലം അധിഷ്ഠാതാവുമായ ശ്രീ. കെ. എം. രാജൻ മീമാംസകിന് നൽകി പ്രകാശനം ചെയ്തു. ആര്യസമാജം പ്രചാരകൻ ശ്രീ. കെ. എം. രാജൻ മീമാംസക് പെരുമ്പാവൂർ ആര്യസമാജത്തിന്റെ പുതിയ ഭാരവാഹികളെ പ്രഖ്യാപിച്ചു. അടുത്ത വർഷത്തെ സംഘടനാപദ്ധതിയെക്കുറിച്ചും അദ്ദേഹം മാർഗ്ഗ ദർശനം നൽകി. ആര്യസമാജം പെരുമ്പാവൂരിന്റെ ഈ വർഷത്തെ സഹായനിധി വിതരണവും ഈ ചടങ്ങിൽ വെച്ച് നടന്നു. ശ്രീ. ടി. കെ. രാജു നന്ദിപ്രകാശനം നിർവ്വഹിച്ചു. ■

ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication: 10-05-2025

RNI No. KERMAL/2013/53849
Registered No. Ottapalam/5/2023-25




Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O), Palakkad - 679 504. Printed at Mudra Printers, Cherpulassery and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504.
Owner and Editor responsible for selecting articles: KM Rajan

Email: dayanandasandesam@gmail.com

Phone: 9446575923, 9497525923